(44) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ റെയിൽവേ പുറമ്പോക്കു കളിൽ താമസിക്കുന്ന ആളുകളെ കുടിയൊഴിപ്പിക്കുന്നതു സംബന്ധിച്ച്

ശ്രീ. സി. എഫ്. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ റെയിൽവേ പുറമ്പോക്കിൽ കഴിയുന്ന നൂറുകണക്കിന് ആളുകളുണ്ട്. പല പ്രാവശ്യം നിവേദനം കൊടുത്തിട്ടുണ്ടെങ്കിലും അതിന്റെ നടപടികളും ഇതുവരെ പൂർത്തിയായിട്ടില്ല. അവർ തുടർച്ചയായി കുടിയിറക്കുഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്, ഒരുതരത്തിൽ അവധി മേടിച്ച് അവധി മേടിച്ച് പോകുകയാണ്. ഇതു സംബന്ധിച്ച് റവന്യൂ മിനിസ്റ്റർക്ക് നൽകിയ നിവേദനത്തിൻമേൽ കുറച്ച് നടപടികളൊക്കെ സ്വീകരിച്ചു, ചങ്ങനാശ്ശേരിയിൽ കുറച്ചു സൈറ്റുകളൊക്കെ വന്നുനോക്കി, പ്രൊപ്പോസലുകളും തിരുവനന്തപുരം സേക്രട്ടറിയേറ്റിൽ എത്തിയിട്ടുണ്ട്. അടിയന്തിരമായിട്ട് ആ സ്ഥലം കൊടുക്കാനുള്ള നടപടികളും സ്വീകരിക്കണം.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഇക്കാര്യത്തിൽ ജില്ലാകളക്ടറുടെ ചില നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. ഏതാണ്ട് 184 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കേണ്ടത്. ഈ പുനരധിവാസപദ്ധതിയിൽപ്പെടുത്തി ഒരു പരിപാടി ഏറ്റവും വേഗം തയ്യാറാക്കുന്നതാണ്.

(45) ഇരവിപുരം നിയോജകമണ്ഡലത്തിലെ ശുദ്ധജലക്ഷാമം

ശ്രീ. ആർ. എസ്. ഉണ്ണി: സർ, എന്റെ നിയോജകമണ്ഡലത്തിലെ പുതുച്ചിറ, മൈലാപ്പൂർ, ഉമയനല്ലൂർ എന്നീ പ്രദേശങ്ങളിലെ കിണറുകളും വറ്റിപ്പായി. രൂക്ഷമായ ശുദ്ധജലക്ഷാമംമൂലം ആളുകളും വളരെ കഷ്ടപ്പെടുന്നു. അവിടെയുള്ള പമ്പ്ഹൗസുകളൊന്നും പ്രവർത്തിക്കുന്നില്ല. ചിലതൊക്കെ കോൺട്രാക്റ്റർ കൊടുത്തിരിക്കുകയാണ്. കോൺട്രാക്റ്റർ പിടിച്ചവരെയൊന്നും സ്ഥലത്തു കുണുന്നില്ല. പല കുഴൽക്കിണറുകളും ചീത്തയായിപ്പോയി. ഇതൊക്കെയൊന്നു ശരിയാക്കി ആളുകൾക്ക് വെള്ളം കൊടുക്കാൻ വല്ല മാർഗവുമുണ്ടെങ്കിൽ ചെയ്താൽ വലിയ ഉപകാരമായി.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇതിൽ എനിക്ക് വലിയ സങ്കടമുണ്ട്. ആനക്കുഴിയിലുള്ള ഒരു കുഴൽക്കിണറാണ് അവിടത്തെ വെള്ളത്തിന്റെ ഒരു സോഴ്സ്. അതു പമ്പ് ചെയ്യുന്നതിനുള്ള പൈപ്പ് കേടായിപ്പോയി. ഇനി ആ പൈപ്പ് മാറിവച്ചെങ്കിലെ പറ്റുകയുള്ളു. ഉടനടി ഇതു മാറ്റി വയ്ക്കാനുള്ള നിർദ്ദേശം കൊടുക്കുകയാണ്. അതോടുകൂടി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും.

(46) 'സാഡു' സ്കീം അനുസരിച്ചുള്ള പമ്പുസെറ്റുകൾക്ക് വിദ്യുച്ഛക്തി കണക്ഷൻ

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: സർ, സാഡു സ്കീം അനുസരിച്ച് എന്റെ നിയോജകമണ്ഡലത്തിലെ മണലത്തൂരിലും ഇടത്തൂരിലും പത്തൊമ്പതും ഇരുപത്തൊന്നും പമ്പുകൾ കഴിഞ്ഞ 82-ൽ കടമൊക്കെ വാങ്ങിച്ച് ഫിറ്റു ചെയ്തു. ഇതുവരെ കണക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഞങ്ങൾ മുട്ടാത്ത വാതിലുകളില്ല. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ, ടെക്നിക്കൽ മെമ്പർ, ബഹുമാനപ്പെട്ട മന്ത്രി തുടങ്ങിയവരുടെയടുത്തെല്ലാം നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഈ സഭയിൽ ഇതു സംബന്ധമായി ചോദ്യം ചോദിക്കുകയും പെട്ടെന്ന് കൊടുക്കുമെന്ന് ഉത്തരം കിട്ടുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഒന്നു ദയവു കാണിക്കാതെ യാതൊരു രക്ഷയുമില്ല. ദയവായി ഇതിന് കണക്ഷൻ തരണം. കഴിഞ്ഞ ഡി.ഡി.സി.—യിൽ പറഞ്ഞപ്പോൾ ഈ ഡി.ഡി.സി—ക്ക് മുമ്പായി കാലൊക്കെ നാട്ടാം കമ്പി വയ്ക്കാമെന്നാണ് പറഞ്ഞത്. ഒരു വസ്തുവും ചെയ്തിട്ടില്ല. 7 പ്രാവശ്യം പറഞ്ഞതാണ്. ചെയ്യാമെന്നല്ലാതെ ഇതുവരെ ഒരു മുടക്കവും പറഞ്ഞിട്ടില്ല.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഇന്ന് ഈ സഭയിൽ വന്ന ആവശ്യങ്ങൾ മാത്രം നിർവ്വഹിക്കാൻ ഇലക്ട്രിസിറ്റി ബോർഡിന് ഒരു 100 കോടി രൂപ വേണം. ബോർഡിനും ഗവൺമെന്റിനും പ്ലാനിൽ വരുന്ന പണമെടുത്താലേ ചെലവാക്കാൻ ഒക്കുകയുള്ളു. സങ്കടങ്ങൾ ഞങ്ങൾക്കൊക്കെ അറിയാം പക്ഷെ എന്തു ചെയ്യാം സർ? ഈ കരാർ കോൺട്രാക്ടർ കൊടുത്തുകഴിഞ്ഞു. അതിന്റെ മെറ്റീരിയൽസ് പ്രൊക്യൂർ ചെയ്തുകൊണ്ടിരിക്കുകയാണ്. വളരെവേഗം പൂർത്തിയാക്കാൻ കഴിയുമെന്നാണ് ബോർഡ് കരുതുന്നത്. സാമ്പത്തികമാണ് പ്രശ്നം. പണമുണ്ടെങ്കിൽ സപ്ലിമെന്ററിയിൽക്കൂടി കാണ്ട് കൊടുക്കാനും ഒരു വിഷമവുമില്ല. പണമില്ലായ്മയാണ് കാരണം. ഇന്ന് ഇവിടെ പറഞ്ഞതുതന്നെ 100 കോടി രൂപയുടെ ആവശ്യങ്ങളാണ്. ഗവൺമെന്റിന് ഇക്കാര്യത്തിൽ യാതൊരു അനുഭാവക്കുറവും ഇല്ല. പക്ഷെ. നിവൃത്തിയില്ലെന്നുള്ളതു മാത്രമാണ് കാര്യം.

(47) കരകുളം വില്ലേജിലെ ശുദ്ധജലക്ഷാമം

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതും സിറ്റിക്ക് തൊട്ടടുത്ത് കിടക്കുന്നതുമായ കരകുളം വില്ലേജിൽ കരകുളം, ഏണിക്കര, നെടുമ്പാറ, കല്ലയം തുടങ്ങി വിപുലമായ ഒരു പ്രദേശമുണ്ട്. 3 കൊല്ലം മുമ്പ് അവിടെ ഒരു ടാങ്ക് പണിത് പൈപ്പ് ലൈൻ ഇട്ടു. ബഹുമാനപ്പെട്ട വനം വകുപ്പു മന്ത്രി അർദ്ധരാത്രി 12 മണിക്കാണ് അവിടെ കല്ലിട്ടത്. 1983-ലാണ് കല്ലിട്ടത്. ഇതുവരെ വെള്ളം വന്നിട്ടില്ല. കഴിഞ്ഞ 2 വർഷമായി മഴയില്ലാത്തതുകൊണ്ട് ആ പ്രദേശത്ത് വെള്ളം കിട്ടാനില്ല. ആളുകൾ വളരെ ബുദ്ധിമുട്ടുകയാണ്. വെള്ളത്തിനുവേണ്ടി പരക്കം പായുകയാണ്. പൈപ്പ് ലൈൻ ഇട്ടെങ്കിലും വെള്ളം ലഭിക്കുന്നില്ല. എന്താണ് തടസ്സമെന്നു മനസ്സിലാകുന്നില്ല. തടസ്സം എന്താണെന്ന് ഉദ്യോഗസ്ഥൻമാർ പറയുന്നുമില്ല. ഒക്ടോബർ 31-ാം തീയതി ശരിയാക്കിത്തരാമെന്നു വാക്ക് പറഞ്ഞതാണ്. പക്ഷെ ആ ഉദ്യോഗസ്ഥനും പോയി. ചോദിക്കാനും പറയാനും ആളുമില്ല. അതുകൊണ്ട് ഉടനെതന്നെ ഒരു നിമിഷംപോലും താമസിക്കാതെ അവിടെ വെള്ളമെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. തിരുവനന്തപുരം സിറ്റിയിലേക്ക് പൈപ്പ് ലൈൻ പോകുന്നത് ഈ പ്രദേശത്തുകൂടിയാണ്. അവിടെയുള്ള ആളുകൾ അവിടത്തെ വെള്ളം സിറ്റിക്ക് കൊടുക്കുകയും അവർ വെള്ളമില്ലാതെ പകച്ചു നടക്കുകയുമാണ്. അത് ഒഴിവാക്കാൻ അടിയന്തിരമായ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly